**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3942** **19.03.2018 ൽ മറുപടിയ്ക്ക്**

## വനാവകാശ രേഖ

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോതമംഗലം മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോതമംഗലം മണ്ഡലത്തിൽ പട്ടിക വർഗ്ഗക്കാർക്ക് 101 – പട്ടയങ്ങളും വിവിധ വില്ലേജുകളിലായി എൽ.എ പട്ടയങ്ങൾ 58 – എണ്ണവും വിതരണം ചെയ്തിട്ടുള്ളതാണ്. |
| (ബി) | എത്ര കുടുംബങ്ങൾക്ക് വനാവകാശരേഖ കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) കോതമംഗലം മണ്ഡലത്തിൽപ്പെട്ട 79 കുടുംബങ്ങൾക്ക് 2 ഏക്കർ ഭൂമി വീതം നൽകുന്നതിന് വനാവകാശ കൈവശരേഖ നൽകിയിട്ടുണ്ട്. |
| (സി) | പന്ത്യപ്ര ആദിവാസി കോളനിനിവാസികൾക്ക് വനാവകാശ രേഖ കൈമാറുന്നതുമായി ബന്ധപ്പെട്ട് അവർക്ക് വീട് വയ്ക്കുന്നതിനും മറ്റുമായി എന്തെങ്കിലും പ്രത്യേക പാക്കേജ് സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ? | (സി) പന്തപ്രയിൽ ഭൂമി അനുവദിച്ച 67 കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം വീട്ടു നിർമ്മാണത്തിന് അനുവദനീയമായ 3.5 ലക്ഷം രൂപ വീതം ആകെ 2,34,50,000/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൈവശരേഖ വിതരണം പൂർത്തിയായാലുടൻ തന്നെ ഭവന നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതാണ് എന്ന് പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി കുടുംബങ്ങളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ലൈഫ് മിഷൻ പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് അനുവദനീയമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്.<br>പന്തപ്ര കോളനിയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് വഴി അനുവദിച്ചിട്ടുള്ള ഫണ്ട് അതാത് ഏജൻസികൾ കൈമാറിയിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു. |

| പദ്ധതി | അനുവദിച്ച തുക |
|---|---|
| കുടിവെള്ള പദ്ധതി | 48,00,000/- |
| വൈദ്യുതീകരണം | 42,68,500/- |
| റോഡ് നിർമ്മാണം | 37,50,000/- |
| സോളാർ ഫെൻസിംഗ് | 8,05,000/- |

സെക്ഷൻ ഓഫീസർ